പതിമൂന്നാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 2162 — 10-10-2011-ൽ മറുപടിയ്ക്ക്

## അണക്കെട്ടുകളിലെ മണൽശേഖരം

| ചോദ്യം | ഉത്തരം |
|---|---|
| ചോദ്യം : ശ്രീ.തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ.അൻവർ സാദത്ത്<br>ശ്രീ.വി.റ്റി.ബൽറാം<br>ശ്രീ.ഹൈബി ഈഡൻ | ഉത്തരം: പി.ജെ.ജോസഫ്<br>(ബഹു.ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ നിന്ന് മണൽ വാരുന്നതിനെക്കുറിച്ചുള്ള നിലപാട് എന്താണെന്ന് വിശദീകരിക്കാമോ; | (എ) സംസ്ഥാനത്തെ അണക്കെട്ടുകളിൽ അടിഞ്ഞുകൂടിയ എക്കൽ മണ്ണ് മുഴുവൻ നീക്കം ചെയ്യണമെന്നുള്ളതാണ് സർക്കാർ നിലപാട് എക്കൽ മണ്ണിൽ വലിയൊരു ശതമാനം മണൽ അടങ്ങിയിട്ടുള്ളതുകൊണ്ട് മണൽ വേർതിരിച്ച് നിർമ്മാണ ആവശ്യങ്ങൾക്ക് ഉപയോഗിക്കാവുന്നതാണ്. |
| (ബി) ഇതിന്റെ സാദ്ധ്യതകളെക്കുറിച്ച് പഠനം നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;<br>(സി) ഇത് സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ ;<br>(ഡി) എങ്കിൽ ആരെയാണ് ചുമതലപ്പെടുത്തിയത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി)യും (സി)യും (ഡി)യും<br>പഠനം നടത്തി വരുകയാണ്. സംസ്ഥാനത്തുള്ള അണക്കെട്ടുകളിൽ എക്കൽ അടിയുന്നത് സംബന്ധിച്ച് ഇന്റഗ്രേറ്റഡ് ബാത്തിമെട്രിക് സിസ്റ്റം ( ഐ.ബി.എസ്) പ്രകാരം പഠനം നടത്തുവാൻ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.ഇ.ആർ.ഐ) പീച്ചിയെയാണ് ചുമതലപ്പെടുത്തിയിരുന്നത്. |
| (ഇ) ഇത് സംബന്ധിച്ച റിപ്പോർട്ട് എന്ന് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്? | (ഇ) ജലസേചന വകുപ്പിന്റെ കീഴിലുള്ള പന്ത്രണ്ട് (12) അണക്കെട്ടുകളിൽ കേരള എഞ്ചിനീയറിംഗ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ഇന്റഗ്രേറ്റഡ് ബാത്തിമെട്രിക് സിസ്റ്റം ( IBS) പ്രകാരം സെഡിമെന്റേഷൻ സർവ്വേ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ശേഷിക്കുന്ന അണക്കെട്ടുകളിലെ പഠനം നടന്നു വരികയാണ്. |

സെക്ഷൻ ഓഫീസർ